**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2597** **12-10-2021 - ൽ മറുപടിയ്ക്ക്**

**മുറ്റത്തെ മുല്ല പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദ്ദീൻ | | **Shri. V. N. Vasavan**<br>**(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | സഹകരണ വകുപ്പ് 'മുറ്റത്തെ മുല്ല' എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | നടപ്പിലാക്കിയിട്ടുണ്ട്. സമൂഹത്തിന്റെ താഴെതട്ടിലുള്ളവർ കൂലി വേലക്കാർ, ചെറുകിട കച്ചവടക്കാർ എന്നിവരെ ബ്ലേഡ് പലിശക്കാരിൽ നിന്നും ഒഴിവാക്കി, സഹകരണ പ്രസ്ഥാനത്തെ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ കുടുംബശ്രീയുമായി സഹകരിച്ച് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് 'മുറ്റത്തെ മുല്ല'' ഗ്രാമീണ ലഘു വായ്പാ പദ്ധതി. ഉദ്ദേശ്യലക്ഷ്യങ്ങൾ ബ്ലേഡ് പലിശക്കാരുടെയും, സ്വകാര്യ മൈക്രോ ഫിനാൻസ് കമ്പനികളുടെയും സാമ്പത്തിക ചൂഷണത്തിൽ നിന്ന് സാധാരണ ക്കാരും പാവപ്പെട്ടവരുമായ ജന സമൂഹത്തെ മോചിപ്പിക്കുക. സഹകരണ പ്രസ്ഥാനത്തിന്റെ ജനങ്ങളോടുള്ള പ്രതിബദ്ധത ഉയർത്തിപിടിക്കുകയും ഈ പ്രസ്ഥാനത്തിന്റെ സാമൂഹിക-സാമ്പത്തിക അടിത്തറ വിപുലപ്പെടുത്തുകയും ചെയ്യുക. ജനങ്ങളെ കൂടുതലായി സാമ്പത്തിക ഉൾചേർക്കലിലേക്ക് നയിക്കുകയും അവരിൽ സാമ്പത്തിക സാക്ഷരത വളർത്തുകയും ചെയ്യുക. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം എത്ര പേർക്ക് ലഭ്യമാക്കിയെന്നും ഇതിനായി ചെലവഴിച്ച തുക എത്രയെന്നും വിശദമാക്കുമോ? | (ബി) | മുറ്റത്തെ മുല്ല പദ്ധതി പ്രകാരം 30/09/2021 വരെ 3,82,214 പേർക്ക് 1381.36 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ